**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2472** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഇ.എൽ.ആർ.എസ്. പോർട്ടലിൽ സമർപ്പിച്ച അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി രജി. നം.5361510106 ആയി ഇ.എൽ.ആർ.എസ്. പോർട്ടലിൽ സമർപ്പിച്ചിരിക്കുന്ന സ്റ്റാൻഡേർഡ് കാറ്റഗറി അപേക്ഷയ്ക്ക് എത്ര വർഷം ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി രജി. നം.5361510106 ആയി ഇ.എൽ.ആർ.എസ്. പോർട്ടലിൽ സ്റ്റാൻഡേർഡ് കാറ്റഗറിയിൽ അപേക്ഷ സമർപ്പിച്ചിരുന്ന ബ്ലസ്സി.ആർ.പി എന്ന അപേക്ഷകയ്ക്ക് 3 വർഷത്തെ സർക്കാർ സഹായത്തിനാണ് അർഹതയുണ്ടായിരുന്നത്. ഇതിൽ ആദ്യ രണ്ടു വർഷത്തെ വിഹിതമായി 1,02,825/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | മൂന്നാമത്തെ വർഷത്തെ ആനുകൂല്യം ലഭിക്കുന്നതിന് ഇ.എൽ.ആർ.എസ്. പോർട്ടലിൽ ലോഗിൻ ചെയ്ത് പുതിയ വരുമാന സർട്ടിഫിക്കറ്റും എലിജിബിലിറ്റി സർട്ടിഫിക്കറ്റും അപ്‌ലോഡ് ചെയ്യാൻ അപേക്ഷകയ്ക്ക് കഴിയുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | ഇത്തരത്തിൽ ഒരു വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സർക്കാർ വിഹിതം അനുവദിക്കണമെന്ന് അപേക്ഷിച്ച് അപേക്ഷകയായ ബ്ലസ്സി.ആർ.പി ബഹു. ധനകാര്യ വകുപ്പ് മന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്നതും ആയതിന് പുതിയ വരുമാന സർട്ടിഫിക്കറ്റും Eligibility Certificate – ഉം പോർട്ടലിൽ അപ് ലോഡ് ചെയ്ത് മൂന്നാം വർഷത്തെ വിഹിതത്തിന് അപേക്ഷ സമർപ്പിക്കേണ്ടതുണ്ടെന്ന് ടിയാരിയെ കത്ത് മുഖേന അറിയിച്ചിരുന്നതുമാണ്. കൂടാതെ, അപേക്ഷകയെ ഫോണിൽ ബന്ധപ്പെടുകയും അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും അപേക്ഷക ഇപ്പോൾ അപേക്ഷ പുന:സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ